# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1895 12.02.2013 ൽ മറുപടിക്ക്

### എയർ - ഇന്ത്യയിലെ ടിക്കറ്റ് നിരക്ക് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ.ബേബി: | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ക്രിസ്തുമസ് - പുതുവത്സരക്കാലത്ത് എയർ ഇന്ത്യ ടിക്കറ്റ് നിരക്കിൽ വൻവർദ്ധനവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും, വിദേശ എയർലൈനുകളുടെ കടുത്ത മത്സരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് യാത്രാക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് എയർലൈനുകൾ യാത്രാക്കൂലി നിശ്ചയിക്കുന്ന രീതി അറിയുന്നതിനും പട്ടികയിലുള്ള ആഭ്യന്തര എയർലൈനുകൾ അമിത നിരക്ക് ഈടാക്കുന്നതും പെട്ടെന്നുന്നെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതും തടയുവാനും എയർലൈനുകൾ അവരുടെ വെബ്സൈറ്റിൽ ഓരോ റൂട്ടിലേയും എല്ലാ വിഭാഗത്തിലുള്ള ടിക്കറ്റ് നിരക്കുകളും പ്രദർശിപ്പിക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർലൈനുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിരക്ക് വർദ്ധനവിനെതിരെ കേന്ദ്ര ഗവൺമെന്റിൽ പരാതി അറിയിച്ചിട്ടുണ്ടോ; | | |
| (സി) | ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | | |

സെക്ഷൻ ഓഫീസർ